നം.കെ.എസ്.എ-കെ.ടി.എം.പി11/1143/2019 തീയതി : 26.08.2019

# കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2018 മുതൽ 30.06.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 19.7.2019 ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ(ഹഗ്രേ)** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2019 മുതൽ 19.07.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ലേഖ വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജേഷ് എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത റ്റി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ലിതാ ഷാജി | 1.4.18 മുതൽ 26.12.18 വരെ |
| | ശ്രീമതി ജമീല പി.എസ്. | 26.12.18 മുതൽ 15.1.19 വരെ (ആക്ടിംഗ്) |
| | ശ്രീമതി ആൻസി സെബാസ്റ്റ്യൻ | 16.1.19 മുതൽ 31.03.19 വരെ |
| ചെയർപേഴ്സൺ (ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി) | ശ്രീമതി ജമീല പി.എസ്. | 01.04.18 മുതൽ 31.03.19 വരെ |
| ചെയർപേഴ്സൺ (വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി) | ശ്രീമതി ഷൈനി ഷാജി | 01.04.18 മുതൽ 31.03.19 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി) | ശ്രീ.ജോണിക്കുട്ടി തോമസ് | 01.04.18 മുതൽ 31.03.19 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മറ്റി) | ശ്രീമതി രജനിമോൾ റ്റി.ആർ. | 01.04.18 മുതൽ 3.05.18 വരെ |
| | ശ്രീമതി വാസന്തി | 24.5.18 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീമതി രേണുകാദേവി അമ്മാൾ | 1.04.18 മുതൽ 26.4.2018 വരെ |
| | ശ്രീമതി ഷോളി ഫിലിപ്പ് (സെക്രട്ടറി ഇൻ ചാർജ്) | 27.4.18 മുതൽ 04.05.2018 വരെ |
| | ശ്രീമതി രേണുകാദേവി അമ്മാൾ | 5.5.18 മുതൽ 16.2.2019 വരെ |
| | ശ്രീമതി ഷോളി ഫിലിപ്പ് (സെക്രട്ടറി ഇൻ ചാർജ്) | 17.2.19 മുതൽ 15.3.2019 വരെ |
| | | |

| | | |
|---|---|---|
| | ശ്രീമതി രേണുകാദേവി അമ്മാൾ | 16.3.19 മുതൽ 31.3.19 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി സിമി ഇബ്രാഹിം | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ഷോളി ഫിലിപ്പ് | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പ്രകാശൻ കെ. | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.സുബിൻ | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ (മണിമല) | ശ്രീ.ആകർഷ് ജി. കൃഷ്ണൻ | 01.04.18 മുതൽ 31.03.19 വരെ |
| വി.ഇ.ഒ (കറിക്കാട്ടൂർ) | ശ്രീ.അജികുമാർ | 01.04.18 മുതൽ 18.07.18 വരെ |
| | ശ്രീ.ആകർഷ് ജി. കൃഷ്ണൻ | 18.07.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.രേഖാ ശാലിനി | 01.04.18 മുതൽ 22.4.18 വരെ |
| | ഡോ.സജീഷ് കുമാർ കെ.ബി. | 23.04.18 മുതൽ |

| | | |
|---|---|---|
| | | 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഗീത പി.കെ. | 01.04.18 മുതൽ 2.05.18 വരെ |
| | ശ്രീമതി മോളമ്മ | 03.05.18 മുതൽ 31.3.19 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.അരുൺ റ്റി.റ്റി. | 01.04.18 മുതൽ 3.5.18 വരെ |
| | ശ്രീമതി ബിജി ചാക്കോ(ചാർജ്) | 4.5.18 മുതൽ 26.6.18 വരെ |
| | ശ്രീ.അരുൺ എം. | 27.6.18 മുതൽ 31.03.19 വരെ |
| ഡയറി എക്സ്റ്റൻഷൻ ആഫീസർ | ശ്രീ.ജോസഫ് എൻ.ജെ. | 01.04.18 മുതൽ 19.9.18 വരെ |
| | ശ്രീമതി ജിസാ ജോസഫ് | 20.9.18 മുതൽ 31.3.19 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീമതി പ്രീതി സി. | 01.04.18 മുതൽ 31.03.19 വരെ |

<u>**ഉള്ളടക്കം**</u>


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| | |

| | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (വാർഷിക പദ്ധതി ഘടകങ്ങൾ) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണ സംവിധാനം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | രസീതുബുക്കുകളുടെ ഉപയോഗത്തിലെ അപാകതകൾ |
| 2-2-1 | ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചത് വിജ്ഞാപനം ചെയ്തിട്ടില്ല |
| 2-2-2 | ബി.എസ്.എൻ.എൽ. -മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു |
| 2-3 | തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-4 | വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ്-ഭേദഗതി ചെയ്ത ചട്ടം പാലിച്ചിട്ടില്ല |
| 2-5 | കെട്ടിട നിർമ്മാണം ക്രമവൽക്കരണം-ഫീസ് ഈടാക്കുന്നതിൽ കുറവ് |
| 2-6 | ഗ്രാമപഞ്ചായത്ത് പൊതുമാർക്കറ്റ് ലേലം നിലച്ചു-വരുമാനത്തിൽ കുറവ് |
| 2-7 | ഇ-ടെൻഡർ ഫീസ് തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ആവശ്യകത പരിശോധിക്കാതെ ആശുപത്രി മാനേജിംഗ് കമ്മറ്റിക്ക് തുക നൽകുന്നു |
| 3-2 | എസ്.എസ്.എ. ഫണ്ട് വിനിയോഗം ഫലപ്രദമല്ല |
| 3-3 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണം-തുക നല്കിയെങ്കിലും കമ്പ്യൂട്ടർ ലഭിച്ചില്ല |
| 3-4 | മരാമത്ത് സ്വഭാവമുള്ള പ്രവൃത്തി-അളവ് രേഖപ്പെടുത്താതെ തുക നൽകി |

| | |
|---|---|
| 3-5 | സിഡ്കോയ്ക്ക് ബാലൻസ് തുക നൽകൽ-ഏജൻസിയുടെ അവകാശവാദം പരിശോധിച്ച് ഉറപ്പുവരുത്തിയില്ല |
| 3-6 | ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ-1,28,512 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല |
| 3-7 | വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകകൾ-നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നില്ല |
| 3-8 | മരാമത്ത് പ്രവൃത്തികൾ-കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല |
| 3-9 | ബാരൽവില ഈടാക്കി തനതുഫണ്ടിൽ സൂക്ഷിക്കുന്നു.-സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം |
| 3-10 | പാർട്ട് ബില്ലിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല |
| 3-11 | കുഴൽകിണർ നിർമ്മാണം-നിക്ഷേപിച്ച തുക ഭൂജലവകുപ്പിൽ മുടങ്ങിക്കിടക്കുന്നു |
| 3-12 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ അകാരണമായ കാലതാമസം-നിയമപരമായി ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കിയില്ല |
| 3-13 | അമ്പലക്കടവ് കരിമ്പനക്കുളം നീർത്തട പശ്ചിമഘട്ട വികസനപദ്ധതി-ഏറ്റെടുത്ത പ്രവൃത്തികളുടെ വിശകലനം നടത്തിയിട്ടില്ല |
| 3-14 | എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-വാർഷിക ആവശ്യകതാനിർണ്ണയം നടത്തി ഒന്നിച്ച് വാങ്ങിയിട്ടില്ല |
| 3-15 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി-നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-16 | വീട് വാസയോഗ്യമാക്കൽ-അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 3-17 | ലൈഫ് ഭവനപദ്ധതി -അവലോകനം |
| 3-18 | പ്രത്യേക കന്നുകുട്ടി പരിപാലനം-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| | |

| | |
|---|---|
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2018-19 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2018-19 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 21.02.2019 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 29,18,676 | 58,39,407 | 29,20,731 | - |
| വരവ് | 12,42,84,728 | 6,72,72,167 | | 5,70,12,561 |
| ആകെ | 12,72,03,404 | 7,31,11,574 | | 5,40,91,830 |
| ചെലവ് | 12,47,66,473 | 5,79,38,046 | | 6,68,28,427 |
| നീക്കിയിരിപ്പ് | 24,36,931 | 1,51,73,528 | 12,73,659 | |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 27.04.2019 | -- | -- |

വാർഷികകണക്ക് സമയബന്ധിതമായി ലഭ്യമാക്കിയിട്ടുണ്ട്.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-2019 | 20.05.2019-21.05.2019 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 22.05.2019ലെ കെ.എസ്.എ-കെ.ടി.എം.പി11-610/19 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവയും ഓഡിറ്റ് സർട്ടിഫിക്കറ്റും അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 58,39,407 |
| വരവ് | 6,72,72,167 |
| ആകെ | 7,31,11,574 |
| ചെലവ് | 5,79,38,046 |
| നീക്കിയിരിപ്പ് | 1,51,73,528 |

# 1-5 ഫണ്ട് വിനിയോഗം(വാർഷിക പദ്ധതി ഘടകങ്ങൾ)

മണിമല ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 0 | 1,30,71,000 | 1,30,71,000 | 1,08,35,997 | 22,35,003 | 82.9 |
| വികസനഫണ്ട് - എസ്.സി.പി. | 0 | 1,19,54,000 | 1,19,54,000 | 84,67,079 | 34,86,921 | 70 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 5,31,000 | 5,31,000 | 4,64,722 | 66,278 | 87 |
| സംരക്ഷണഗ്രാന്റ് - റോഡ് | 0 | 1,19,35,000 | 1,19,35,000 | 99,45,313 | 19,89,687 | 83 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 0 | 27,80,000 | 27,80,000 | 23,19,314 | 4,60,686 | 83 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 78,61,493 | 78,61,493 | 40,22,622 | 38,38,871 | 51 |
| തൊഴിലുറപ്പ് പദ്ധതി(എം.ജി.എൻ. ആർ.ഇ.ജി.എസ്.) | 2,444/- | 4,51,643 | 4,54,087 | 4,51,726 | 2,361 | 99 |
| ഐ.സി.ഡി.എസ്.(ICDS) | 17,55,476/- | 4,61,800 | 22,17,276 | 9,08,862 | 13,08,414 | 40 |
| സംയുക്ത പ്രോജക്ട് (ബ്ലോക്ക്) | 90,000/- | 22,05,364 | 22,95,364 | 14,69,722 | 8,25,642 | 64 |
| സംയുക്ത പ്രോജക്ട് (ജില്ല) | 0 | 9,89,351 | 9,89,351 | 4,48,624 | 5,40,727 | 45 |
| സമ്പൂർണ്ണ ശുചിത്വം | 3,82,500 | 5,88,812 | 9,71,312 | 0 | 97,312 | |
| പ്രത്യേക ഗ്രാന്റ് (കുടിവെള്ളം) | 0 | 10,000 | 10,000 | 0 | 10,000 | |
| പ്രത്യേക ഗ്രാന്റ് (ഖരമാലിന്യം) | 0 | 12,000 | 12,000 | 0 | 12,000 | |
| ശുചിത്വമിഷൻ | 42,697 | 7,38,812 | 7,81,509 | 7,38,812 | 42,697 | |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം 85,43,512/- രൂപ ജനറൽ പർപ്പസ് ഫണ്ടായി ലഭിച്ചിട്ടുണ്ട്. തനത് ഫണ്ട് ട്രഷറി അക്കൗണ്ടിലൂടെയാണ് പ്രസ്തുത ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

ഓഡിറ്റ് വർഷം വികസനഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് തുടങ്ങിയ ഇനങ്ങളിൽ അലോട്ടുമെന്റായി ലഭിച്ച തുകയിൽ നിശ്ചിത വിനിയോഗലക്ഷ്യം കൈവരിക്കാത്തതിനാൽ 1.20 കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. ഭേദഗതി കൂടാതെ തുടരുന്ന സ്പിൽഓവർ പ്രോജക്ടുകൾക്ക് ആവശ്യമായ ക്യാരിഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ ഫലത്തിൽ 1.20 കോടി രൂപ ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമായി. ഇത്തരം അപരിഹാര്യമായ നഷ്ടം ഒഴിവാക്കാൻ സാധിക്കുന്നവിധം പദ്ധതി ആസൂത്രണ/നിർവ്വഹണ പ്രക്രിയകൾ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

മണിമല ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 14.03.2018 ലെ ഉത്തരവ് നം.490/18/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണംസമിതി യോഗം | 19.02.2018 |
| വർക്കിങ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 20.02.2018 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 04.03.2018 |

| | |
|---|---|
| വികസനസെമിനാർ | 08.03.2018 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 8,95,99,876/- രൂപയും ആകെ ചെലവ് 4,39,08,953/- രൂപയുമാണ്. ചെലവുശതമാനം 49%. അംഗീകാരം ലഭിച്ച 227 പ്രോജക്ടുകളിൽ 137 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 5 | 4 | 91,25,571 | 11,99,650 | 13 |
| 2. | വെറ്ററിനറി സർജൻ | 8 | 7 | 39,17,000 | 19,34,250 | 49 |
| 3. | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 2 | 1 | 7,50,000 | 6,87,632 | 92 |
| 4. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 3,75,066 | 1,45,768 | 39 |
| 5. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 8 | 7 | 1,52,03,000 | 1,12,26,905 | 74 |
| 6. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 8 | 4 | 75,72,422 | 34,50,000 | 46 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 4 | 42,38,800 | 38,97,660 | 92 |
| 8. | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 28 | 20 | 51,72,528 | 34,76,405 | 67 |
| 9. | അസിസ്റ്റന്റ് എഞ്ചിനീയർ | 151 | 79 | 4,09,07,229 | 1,60,83,257 | 39 |
| 10. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 6,50,000 | 6,50,000 | 100 |
| 11. | അസിസ്റ്റന്റ് സെക്രട്ടറി | 11 | 9 | 16,88,260 | 11,57,426 | 69 |
| **ആകെ** | | **227** | **137** | **8,95,99,876** | **4,39,08,953** | **49** |

2018-19 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കിയിട്ടുണ്ടെങ്കിലും സമഗ്രവികസനം എന്ന കാഴ്ചപ്പാട് പുലർത്താൻ പൂർണ്ണമായും സാധിച്ചിട്ടില്ലെന്ന് കാണുന്നു. സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം 51% മാത്രമാണ് തൻവർഷം ചെലവഴിച്ചത്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി തയ്യാറാക്കിയ 151 പ്രോജക്ടുകളിൽ 79 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 39%) തൻവർഷം നടപ്പാക്കാൻ

സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു.

വർക്കിങ്ങ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ യോഗം ചേർന്നിരുന്നുവെങ്കിലും പദ്ധതിനിർദ്ദേശങ്ങളൊന്നും നൽകിയിരുന്നില്ല. കൂടാതെ സാമൂഹ്യക്ഷേമം, പൊതുമരാമത്ത്, പൊതുഭരണം, പട്ടികജാതി വികസനം എന്നിവയുമായി ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾ തൻവർഷം പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി യോഗം ചേരുകയോ പദ്ധതിനിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ലായെന്നത് അതീവഗൗരവമർഹിക്കുന്ന വിഷയമാണ്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

<u>വികസനകാര്യം</u>

2018-19 വാർഷികപദ്ധതി അവലോകനത്തിന്റെ ഭാഗമായി വിവിധപദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല എന്ന് വ്യക്തമാകുന്നു. മരാമത്ത് പ്രവർത്തികൾക്കായി തയ്യാറാക്കിയിരുന്ന 72 പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിരുന്നില്ല. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായും കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ പ്രതിമാസം ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നില്ല. തൻമൂലം ആകെ പദ്ധതി ചെലവ് ശതമാനത്തിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്.

<u>ധനകാര്യം</u>

ധനകാര്യസ്റ്റാന്റിങ്ങ് കമ്മറ്റി പദ്ധതി പ്രവർത്തനത്തിൽ സജീവമായ പങ്ക് വഹിച്ചിട്ടില്ലായെന്ന് കാണുന്നു. വരവുചെലവ് കണക്കുകൾ അംഗീകരിക്കുന്നത് ഒഴികെ പ്രോജക്ട് നിർവ്വഹണം സംബന്ധിച്ച വിലയിരുത്തലുകൾ ഉണ്ടാവുന്നില്ല. പഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിന് ശ്ലാഘനീയമായ നടപടികൾ ഉണ്ടായിട്ടുണ്ട്.

<u>ആരോഗ്യം/വിദ്യാഭ്യാസം</u>

പദ്ധതി രൂപീകരണം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്ത് പ്രോജക്ട് നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു. വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം, ഹരിത കർമ്മസേന സജ്ജമാക്കൽ, തുടങ്ങി അനേകം പദ്ധതി നിർദ്ദേശങ്ങൾ ശുപാർശ ചെയ്തിരുന്നു.

<u>ക്ഷേമകാര്യം</u>

വിവിധ ക്ഷേമപെൻഷനുകളുടെ അംഗീകാരം നൽകൽ എന്നിവയിൽ മാത്രമാണ് ക്ഷേമകാര്യസ്റ്റാന്റിങ്ങ് കമ്മറ്റിയുടെ പ്രവർത്തനമുള്ളതായി കാണുന്നത്. പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട ശുപാർശകളൊന്നും നൽകിയിരുന്നില്ല. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പുകൾക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് നിർദ്ദേശം നൽകിയതായി കാണുന്നില്ല.

# 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ പദ്ധതിയുടെ 2018-19 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 15 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2018-19 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 171 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 136 പ്രോജക്ടുകളിൽ 113 എണ്ണം തൻവർഷം നടപ്പിലാക്കി. 2018-19 വർഷം 83380 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1479 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു.

മഴക്കുഴി നിർമ്മാണം, തോട് ആഴം കൂട്ടൽ, കല്ലുകയ്യാല നിർമ്മാണം എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2018-19 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനങ്ങൾ | തുക |
|---|---|
| **മുന്നിരിപ്പ്** | **2,444** |
| വരവ് | -- |
| ഇ.എഫ്.എം.എസ് വരവ് | 2,39,81,782 |
| ഭരണപരമായ ചെലവുകൾ | 2,83,250 |
| ബാങ്ക് പലിശ | 1,822 |
| സ്റ്റേറ്റ്ഫണ്ട് | 31,000 |
| തനത് ഫണ്ട് മുൻകൂർ | 6,24,021 |
| **ആകെ** | **2,49,24,319** |
| **ചെലവ്** | |
| ലേബർ ഇൻസെന്റീവ് | 2,30,97,618 |
| മെറ്റീരിയൽ കോസ്റ്റ് | 8,84,164 |
| അഡ്മിനിസ്ട്രേഷൻ കോസ്റ്റ് | 2,85,155 |
| സ്റ്റേറ്റ് ഫണ്ട് ചെലവ് | 31,000 |
| തനത്ഫണ്ട് ചെലവ് | 6,24,021 |
| ആകെ | 2,49,21,958 |
| **നീക്കിയിരിപ്പ്** | **2,361** |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 1,17,240 | 60 |
| കർഷകതൊഴിലാളി പെൻഷൻ | 30,22,200 | 243 |
| വിധവാപെൻഷൻ | 82,23,000 | 691 |
| വാർദ്ധക്യകാലപെൻഷൻ | 1,72,20,700 | 1444 |
| വികലാംഗപെൻഷൻ | 32,41,300 | 264 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 4,07,000 | 35 |
| വിവാഹധനസഹായം | 30,000 | 1 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

മണിമല ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.7.19 തീയതിയിൽ 3.30 പി.എം.ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ **4,263/-**രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി എല്ലാ ചെലവുകളും നിയമപ്രകാരമാണെന്ന് സെക്ഷൻ ക്ലാർക്ക് പരിശോധിച്ച് ഉറപ്പുവരുത്തുകയും ആയത് അക്കൗണ്ടന്റ് ഉപരിപരിശോധന നടത്തുന്നുമുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ, ലൈസൻസ് ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വാടക, ലൈസൻസ്, ലേലം തൊഴിൽ നികുതി എന്നിവ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിലും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലും ബന്ധപ്പെട്ട സെക്ഷൻ അതീവജാഗ്രത പുലർത്തുന്നു.

കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3(3) പ്രകാരം ഗ്രാമസഭ 3 മാസത്തിൽ ഒരിക്കൽ യോഗം ചേരണമെന്ന നിബന്ധന പാലിക്കുന്നില്ല. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ മെയ് 2018 ന് ശേഷം അടുത്ത ഗ്രാമസഭായോഗം ചേരുന്നത് നവംബർ 2018 നാണ്. ഇത് നിയമവിരുദ്ധമാണ്. കൂടാതെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ അകാരണമായ കാലതാമസം ഉണ്ടാകുന്നെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കി വരുന്നില്ല. ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല.

വിവിധയിനം ചെലവുകൾ പഞ്ചായത്തിന്റെ അനിവാര്യ/പൊതു/മേഖലാ ചുമതലകളിൽ

ഉൾപ്പെടുന്നതാണോയെന്ന് ഉറപ്പ് വരുത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. (ഉദാ:- കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ ഉൽപ്പാദനവുമായി ബന്ധപ്പെട്ട ചെലവുകൾ ഭാഗികമായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലഴിച്ചത്).

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.02.019 | 1/2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.4.2016-27.4.2016 | 2011-12 മുതൽ 2.15.16വരെ | LBA(HQ)I/8A-2427/2016 തീ:12.5.2016 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആസ്തികളുടെ മൂല്യം കൃത്യമായി നിർണ്ണയിച്ച് B11 ഷെഡ്യൂളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2) തൻവർഷ കുടിശിക തുകകൾക്ക് അക്കൗണ്ട്സ് മാനുവൽ പ്രകാരമുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3) പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചുവടെ ചേർക്കുന്ന ചെക്കുകളുടെ തുക കാലാവധി കഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| | ചെക്ക് നം./ തീയതി | തുക |
|---|---|---|
| എസ്.ബി.റ്റി മണിമല | 758277/23.05.17 | 560 |
| | 598393/31.12.18 | 220 |
| എസ്.സി.ബി.മണിമല | 9173/10.08.16 | 5004.വസ്തുനികുതി -സഞ്ചയസോഫ്റ്റ്വെയർ പ്രകാരമുള്ള വരവ്-നീക്കിയിരിപ്പ് തുകകൾ സാംഖ്യ സോഫ്റ്റ്വെയർ പ്രകാരമുള്ള വരവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.. |

5) എം.ജി.എൻ.ആർ.ഇ.ജി.എസ്. വാർഷികണക്കുകളിലെ I-6 പ്രകാരമുള്ള തുകയും കാഷ് ബുക്ക് പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

6) നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിൽ നിന്നുള്ള വരവുകൾ 7A കാഷ്ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് ബുക്കുകളുടെ ഉപയോഗത്തിലെ അപാകതകൾ

1) രസീതു ബുക്കുകളിലെ ഉപയോഗിക്കാത്ത ബാക്കി രസീതുകൾ സാമ്പത്തിക വർഷത്തിനുശേഷം ക്യാൻസൽ ചെയ്തതായി കാണുന്നില്ല.

വെറ്റിനറി സർജൻ, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീതു ബുക്കുകളിലെ ഉപയോഗിക്കാത്ത രസീതുകൾ സാമ്പത്തിക വർഷത്തിനുശേഷം ക്യാൻസൽ ചെയ്യുന്നില്ല. അടുത്ത സാമ്പത്തിക വർഷത്തെ വരവുകൾക്കായി ബാക്കി രസീതുകൾ ഉപയോഗിക്കുന്നതായി കാണുന്നു. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല. സാമ്പത്തിക വർഷത്തിനുശേഷം ഉപയോഗിക്കാത്ത ബാക്കി രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതും തൻവർഷം ലഭിച്ച എല്ലാ രസീതുബുക്കുകളും പഞ്ചായത്തിൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്.

2) ഫിഷറീസ് ഇൻസ്പെക്ടർ 2017-18ലെ പ്രോജക്ടിനായി ഗുണഭോക്തൃ വിഹിതം പിരിക്കാനുപയോഗിച്ച രസീതുകളിലെ രേഖപ്പെടുത്തലുകളിൽ അപാകതകൾ ഉണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ അസലുകളിൽ തുകകൾ എഴുതുകയും പിന്നീട് ആവശ്യമില്ലാത്തത് വെട്ടി കളഞ്ഞിരിക്കുകയും ചെയ്തിട്ടുണ്ട്. രസീതുകളിൽ തിരുത്തലുകൾ വരുത്തുന്നത് അഭികാമ്യമല്ല. ഗുണഭോക്താക്കൾക്കു നൽകിയ പകർപ്പ് പരിശോധിച്ചതിൽ അസലുകളിലെ തിരുത്തലുകൾ എല്ലാം വന്നിട്ടില്ല എന്നും കാണുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പിഴവ് ഉണ്ടായാൽ അസലും പകർപ്പും ക്യാൻസൽ ചെയ്ത് പുതിയ രസീത് ഉപയോഗിക്കേണ്ടതുമാണ്.

## 2-2-1 ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ചത് വിജ്ഞാപനം ചെയ്തിട്ടില്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്നീ ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ

മേൽ പറഞ്ഞ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/11.7.19) അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല എന്ന് മറുപടി നല്കി. ആവശ്യമായ വിജ്ഞാപനം നടത്തിയാൽ മാത്രമെ നികുതി നിയമപരമായി പ്രാബല്യത്തിൽ വരുത്താൻ കഴിയൂ. അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 2-2-2 ബി.എസ്.എൻ.എൽ -മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു

പഞ്ചായത്ത് പരിധിയിൽ 3 ബി.എസ്.എൻ.എൽ മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നതിൽ 13-14 വർഷം മുതൽ അവയുടെ വസ്തുനികുതി ഈടാക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വാർഷിക വസ്തു നികുതി |
|---|---|
| 1/420 | 7,198 |
| 4/343 | 1,090 |
| 4/437 | 8,118 |

ബി.എസ്.എൻ.എൽ ടവറുകളുടെ നാളിതുവരെയുള്ള വസ്തുനികുതി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ നിന്നും 2018-19 ൽ പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള ചുവടെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| | |
|---|---|
| 1 | ജോർജ് തോമസ്, വളയത്ത് |
| 2 | മനോജ് തോമസ്, കോയിപ്പുറത്ത്, കറിക്കാട്ടൂർ |
| 3 | ജോർജ് ആന്റണി, വിളയിൽ, മുക്കട |
| 4 | ജോർജ്കുട്ടി ദേവസ്യ, കൊച്ചുമുറിയിൽ, മണിമല |
| 5 | വി.വി.ലതാദേവി, വെള്ളാറപ്പള്ളി മന, മണിമല |

2) ചുവടെ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളുടെ 2018-19ലെ രണ്ട് അർദ്ധവർഷങ്ങളിലെയും സ്ഥാപനതൊഴിൽനികുതി കുടിശികയുള്ളതായി കാണുന്നു.

| | |
|---|---|
| ബി.എസ്.എൻ.എൽ | 2,500 |
| കെ.എസ്.ഇ.ബി | 2,500 |
| മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, മുക്കട | 2,500 |
| | |

| | |
|---|---|
| മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, പൊന്തൻപുഴ | 2,500 |
| ആധാരം എഴുത്താഫീസ് (സനൽകുമാർ) | 360 |
| കോഴിഫാം (ജോബിഷ് തോമസ്, മുട്ടത്തുപാറ) | 900 |

3) ചുവടെ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളുടെ അപേക്ഷകളിൽ ചുവടെ ചേർക്കും പ്രകാരം ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമയിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.

| | |
|---|---|
| 1 | ജോസി ജോസഫ്, തെക്കേക്കര, മെറ്റൽ ക്രഷർ (6 ജീവനക്കാർ) |
| 2 | ത്രേസ്യാമ്മ, വയലിൽ, കറിക്കാട്ടൂർ ഹോളോബ്രിക്സ് നിർമാണം. (4 ജീവനക്കാർ) |

മേൽ വിവരിച്ച വിഭാഗത്തിൽ ഉൾപ്പെട്ട ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-4 വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ്- ഭേദഗതി ചെയ്ത ചട്ടം പാലിച്ചിട്ടില്ല

വ്യാപാര സ്ഥാപനങ്ങൾക്കും വ്യവസായങ്ങൾക്കും പഞ്ചായത്തിൽ നിന്നും നൽകുന്ന ലൈസൻസ് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ 31.10.17ലെ ജി.ഒ.80/2017 തസ്വഭവ പ്രകാരം ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. വിറ്റുവരവിന്റെ അടിസ്ഥാനത്തിലല്ലാതെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കേണ്ടതാണെന്നും, ഇത്തരത്തിൽ 25 ലക്ഷം വരെ മൂലധന നിക്ഷേപമുള്ള നിർമാണമേഖലയിലുള്ള ചെറുകിട സ്ഥാപനങ്ങൾക്കും 10 ലക്ഷം വരെ മൂലധന നിക്ഷേപമുള്ള സേവനമേഖലയിലുള്ള സ്ഥാപനങ്ങൾക്കും കുറഞ്ഞത് 500 രൂപ ലൈസൻസ് ഫീസായി നിശ്ചയിക്കാവുന്നതാണെന്നും നിർദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് ഈ നിർദേശങ്ങൾ പാലിച്ചിട്ടില്ല. ചട്ടം ഭേദഗതി ചെയ്തത് സംബന്ധിച്ച് കമ്മറ്റിയിൽ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും സർക്കാർ നിർദേശം പ്രായോഗികമല്ലെന്ന നിലപാടിൽ 12.04.18ലെ 14/1-ാം നമ്പർ തീരുമാന പ്രകാരം നിലവിലെ ഫീസിൽ വർദ്ധനവ് വരുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഇത് നിയമാനുസൃത നടപടിയല്ല. സർക്കാരിനുള്ള നിയന്ത്രണാധികാരങ്ങൾക്ക് വിധേയമായി മാത്രമെ പഞ്ചായത്ത് കമ്മറ്റിയ്ക്ക് തീരുമാനം കൈക്കൊള്ളാൻ അധികാരമുള്ളൂ. സർക്കാർ വിജ്ഞാപനം പാലിച്ചുകൊണ്ട് ലൈസൻസ് ഫീസ് നിശ്ചയിച്ച് ഈടാക്കേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണം ക്രമവല്കരണം - ഫീസ് ഈടാക്കുന്നതിൽ കുറവ്

തദ്ദേശ സ്വയം ഭരണ വകുപ്പ് (ആർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ സങ്കേതം സോഫ്റ്റ് വെയർ പ്രകാരം ക്രമവല്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ജനറേറ്റ് ചെയ്ത് വരുന്നതും കക്ഷികളിൽ നിന്നും ഈടാക്കുന്നതും. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മേൽ വിലാസം | ഉപയോഗക്രമം | പ്ലിന്ത് | ക്രമവല്കരണത്തിന് | ഈടാക്കേണ്ട | കുറവ് |
|---|---|---|---|---|---|

| | | ഏരിയ | ഈടാക്കിയ ഫീസ് | ഫീസ് | |
|---|---|---|---|---|---|
| വിജയൻകുട്ടി, ഒറ്റത്തൊങ്ങേൽ | പാർപ്പിടാവശ്യം | 76.33 | 76.33x6=458 | 76.33x9=687 | 229 |
| ബിന്ദുകുമാരി, കിഴക്കേക്കര | പാർപ്പിടാവശ്യം | 220.68 | 220.68 x6=1324 | 220.68x9=1986 | 662 |
| ബഷീർ | പാർപ്പിടാവശ്യം | 96.34 | 96.34 x6=578 | 96.34x9= 867 | 289 |
| ഷൈനാ ബീഗം | വാണിജ്യാവശ്യം | 24.4 | 24.4x10=244 | 24.4x15=366 | 122 |
| ഡെന്നിസ്, മാളിയേക്കൽ | പാർപ്പിടാവശ്യം | 289.73 | 289.73x6= 1738 | 289.73x9= 2608 | 870 |
| ബാബു തോമസ്, കോയിപ്പുറത്ത് | പാർപ്പിടാവശ്യം | 166.67 | 166.67 x6 -1000 | 166.67x9= 1500 | 500 |
| ജോൺ ജോസ്, കുത്തുകല്ലുംങ്കൽ | വാണിജ്യാവശ്യം | 70.8 | 70.8 x10= -708 | 70.8 x15= 1062 | 354 |
| ബിനുമോൻ ദേവസ്യ, മതിലകത്ത് | പാർപ്പിടാവശ്യം | 164.16 | 164.16 x6 - 985 | 164.16x9=1477 | 492 |

പഞ്ചായത്തിന് ഫീസിനത്തിൽ ലഭിക്കേണ്ട തുകയിൽ സോഫ്റ്റ്‌വെയർ അപാകം മൂലം കുറവുണ്ടാകുന്നത് സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും, സോഫ്റ്റ്‌വെയർ നിലവിൽ വന്ന ശേഷം ക്രമവല്ക്കരണ കേസുകളിൽ ഈടാക്കിയ ഫീസ് പുന:പരിശോധിച്ച് കുറവു വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

## 2-6 ഗ്രാമപഞ്ചായത്ത് പൊതു മാർക്കറ്റ് ലേലംനിലച്ചു -വരുമാനത്തിൽ കുറവ്

50 വർഷത്തിലധികം പഴക്കമുള്ള ഗ്രാമപഞ്ചായത്ത് മാർക്കറ്റ് എല്ലാ തിങ്കളാഴ്ച ദിവസവുമാണ് പ്രവർത്തനമുള്ളത്. 15 സ്റ്റാളുകളും വഴിയോരവിൽപനക്കാരും ചിന്തിക്കടകളും വരുന്ന പ്രസ്തുത മാർക്കറ്റ് പിരിവിനുള്ള അവകാശം 2017-18 വർഷം വരെ കുത്തകക്കാർക്ക് ലേലത്തിൽ നൽകിയിരുന്നു. 2017-18 വർഷം 1,07,700/- രൂപയ്ക്കാണ് മാർക്കറ്റ് പിരിവിനുള്ള അവകാശം ശ്രീ.ഔസേഫ് മത്തായി, ളാനിത്തോട്ടം എന്നയാൾക്ക് ലേലത്തിൽ നൽകിയത്. എന്നാൽ 2018-19 ലേക്കുള്ള മാർക്കറ്റ് ലേലം ചെയ്ത് നൽകുന്നതിനായി 28.2.18, 16.3.18, 22.3.18 തീയതികളിൽ 1,07,700/- രൂപ അടിസ്ഥാന തുകയായി കണക്കാക്കി ലേലം വച്ചിരുന്നുവെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തിരുന്നില്ല. നിലിവിൽ 6 സ്റ്റാളുകളും ഏതാനും ചില

വഴിയോരകച്ചവടക്കാരും മാത്രമാണ് മാർക്കറ്റ് ഉപയോഗിക്കുന്നതെന്നും വരുമാനം കുറഞ്ഞ മാർക്കറ്റിൽ ലേലത്തുക വളരെയധികം കൂടുതലാണെന്നും കാരണം കാണിച്ചാണ് കരാറുകാർ ലേലത്തിൽ പങ്കെടുക്കാതിരുന്നത്. ഗ്രാമപഞ്ചായത്ത് നേരിട്ട് പിരിവ് നടത്തിയെങ്കിലും പ്രതിദിനം 790/- രൂപ നിരക്കിൽ മാത്രമാണ് പിരിവ് ലഭിച്ചത്. നിലവിലെ സാഹചര്യത്തിൽ വരുമാനം കുറഞ്ഞ മാർക്കറ്റ് മുൻവർഷത്തെ തുകയ്ക്ക് പോലും ലേലം ചെയ്ത് വിൽക്കാൻ സാധിക്കുകയില്ലായെന്ന വിവരം ഡി.ഡി.പി.യെ അറിയിച്ചിരുന്നു. ഡി.ഡി.പി.യുടെ 16.5.18 ലെ എ2-5109/18 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത് രാജ് നിയമത്തിൽ അനുശാസിക്കുന്ന ഉചിതമായ തീരുമാനം കൈക്കൊള്ളാമെന്ന് അറിയിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ ലേലതുക 60,000/-രൂപയായി കുറവ് ചെയ്ത് നിജപ്പെടുത്തി ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നു(22.6.18 ലെ 6(2) നം തീരുമാനം). വീണ്ടും ലേലം നടത്തിയിരുന്നുവെങ്കിലും ആരും പങ്കെടുത്തില്ല. നിലവിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് പിരിവ് നടത്തി വരുന്നു. നേരിട്ട് പിരിവ് നടത്തുക എന്നത് അപ്രായോഗികവും അധികചെലവ് വരുത്തുന്നതിനും ഇടയാക്കുന്നതാണ്. കൂടാതെ മാർക്കറ്റ് ലേലം നിലച്ചത് മൂലം ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിലും കുറവ് സംഭവിക്കുന്നു. പൊതുജനങ്ങളുടെ സൗകര്യം കണക്കിലെടുത്തും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താൽപ്പര്യം കണക്കിലെടുത്തും മാർക്കറ്റിലെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തേണ്ടതുണ്ട്. മാർക്കറ്റ് പിരിവിന്റെ പ്രതിദിന വരുമാനത്തിന് ആനുപാതികമായി വാർഷിക വരുമാനം കണക്കാക്കി ടി തുക അടിസ്ഥാന ലേലതുകയായി കണക്കാക്കി ആവശ്യമായ പരസ്യപ്രചാരണവും നൽകി ലേലനടപടികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പ്രസ്തുത വിഷയത്തിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 ഇ-ടെൻഡർ ഫീസ് തുക ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2018-19 വർഷം മണിമല ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. മണിമല ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/15.7.19) മറുപടിയായി എസ്.ബി.ഐ.യിൽ അക്കൗണ്ട് ആരംഭിച്ചിരുന്നുവെങ്കിലും തുടർ നടപടികളായിട്ടില്ലായെന്ന് അറിയിച്ചു. ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിലേക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആവശ്യകത പരിശോധിക്കാതെ ആശുപത്രി മാനേജിംഗ് കമ്മറ്റിക്ക് തുക നല്കുന്നു

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങൾ ചട്ടം 6 പ്രകാരം ആശുപത്രി മാനേജിംഗ് കമ്മറ്റി രൂപീകരിച്ചിട്ടുള്ള വികസനഫണ്ടിൽ നിന്നും ജലവിതരണം/വൈദ്യുതിവിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിന് തുക ചെലവഴിക്കാമെന്നിരിക്കെ ആശുപത്രി മാനേജിംഗ് കമ്മറ്റിയുടെ ഫണ്ട് ബാലൻസ് സംബന്ധിച്ച വിവരം പരിശോധിക്കാതെ വൈദ്യുത ചാർജ്, വെള്ളക്കരം തുടങ്ങിയ ചെലവ് പഞ്ചായത്തിൽ നിന്നും നല്കുന്നതായി കാണുന്നു. 2018-19 വർഷം പഞ്ചായത്തിന് ഈ ഇനത്തിൽ ഉണ്ടായ ചെലവ് താഴെ പറയും പ്രകാരമാണ്.

| | മണിമല പി.എച്ച്.സി. | കറിക്കാട്ടൂർ പി.എച്ച്.സി. |
|---|---|---|
| വൈദ്യുതചാർജ് | 24,203 | 24,905 |
| വെള്ളക്കരം | 7,065 | -- |
| ഫോൺചാർജ് | 3,133 | 13,756 |
| തപാൽ സ്റ്റാമ്പ് | 500 | -- |
| ഗ്യാസ് റീഫില്ലിംഗ് | | 650 |
| **ആകെ** | **34,901** | **39,311** |

മേൽ സൂചിപ്പിച്ച ചെലവുകൾക്ക് ആശുപത്രി മാനേജിംഗ് കമ്മറ്റി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കാമെന്നിരിക്കെ തുക ചെലവഴിച്ചശേഷം വാർഷികമായി ചെലവ് തുക പഞ്ചായത്തിൽ നിന്നും വാങ്ങുന്ന രീതിയാണ് തുടർന്നു വരുന്നത്. തനതുഫണ്ട് താരതമ്യേന കുറവുള്ള പഞ്ചായത്ത് എന്ന നിലയിൽ ആശുപത്രി മാനേജിംഗ് കമ്മറ്റി വികസന ഫണ്ടിന്റെ നീക്കിയിരിപ്പ് പരിശോധിക്കാതെ തുക നല്കുന്നതിനുള്ള കാരണം ഓഡിറ്റിൽ ബോധ്യപ്പെടുത്താനാവശ്യപ്പെട്ട് നല്കിയ കത്തിന് അറ്റകുറ്റപ്പണി, മരുന്നുവാങ്ങൽ എന്നിവക്ക് തന്നെ തുക ലഭിക്കാത്ത സാഹചര്യമാണുള്ളത് എന്ന് മറുപടി നല്കിയിട്ടുണ്ട്. പഞ്ചായത്തിലുള്ള ആശുപത്രി മാനേജിംഗ് കമ്മറ്റി വികസന ഫണ്ടിന്റെ 2 വർത്തെ നീക്കിയിരിപ്പ് ചുവടെ ചേർക്കുന്നു.

| ആശുപത്രി മാനേജിംഗ് കമ്മറ്റി | 2017-18 നീക്കിയിരിപ്പ് | 2018-19 നീക്കിയിരിപ്പ് |
|---|---|---|
| പി.എച്ച്.സി കറിക്കാട്ടൂർ | 8,812 | 10,479 |
| പി.എച്ച്.സി. മണിമല | 61,770 | 1,23,597 |

പഞ്ചായത്തിന്റെ ഘടകസ്ഥാപനമെന്ന നിലയിൽ ചെലവ് വഹിക്കുന്നതിൽ അപാകതയില്ലെങ്കിലും മാനേജ്മെന്റ് കമ്മറ്റിയിൽ ഫണ്ട് നീക്കിയിരിപ്പ് ഉണ്ടെങ്കിൽ ആയതു ചെലവഴിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും ആയതിലൂടെ കമ്മറ്റികളെ സ്വയംപര്യാപ്തമാക്കുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് സഹായകരമായിരിക്കും.

## 3-2 എസ്.എസ്.എ ഫണ്ട് വിനിയോഗം ഫലപ്രദമല്ല

2018-19 വർഷം ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ പ്രകാരം എസ്.എസ്.എ വിഹിതമായി 5,96,000/- രൂപ ജില്ലാ പ്രോജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ നല്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | തുക | ബിൽ നം./ തീയതി | രസീത് നം./തീയതി |
|---|---|---|---|---|
| 1 | 001/2019-എസ്.എസ്.എ വിഹിതം, ജനറൽ | 5,00,000 | 3/14.5.2018 | കാനറബാങ്ക് അക്കൗണ്ട് നം.1523101016771 |
| 2 | 007/2019 എസ്.എസ്.എ വിഹിതം, എസ്.സി.പി | 80,000 | 44/11.3.2019 | 8939/90 തീ:11.03.2019 |
| 3 | 009/2019 എസ്.എസ്.എ വിഹിതം, ടി.എസ്.പി | 16,000 | 40/28.02.2019 | 8940/90 തീ:12.03.2019 |
| **ആകെ** | | **5,96,000** | | |

എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസറുടെ 20.2.2018 ലെ C-181/SSA/KTM/2017 നമ്പർ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ നല്കിയ തുകയ്ക്ക് പഞ്ചായത്തിൽ ചെയ്യേണ്ടിയിരുന്ന പ്രവർത്തനങ്ങളെല്ലാം എസ്.എസ്.എ പൂർത്തീകരിച്ചുവോ എന്നതുസംബന്ധിച്ച് പഞ്ചായത്ത് പരിശോധന നടത്തിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ C-11/SSA/KTM/18-19 തീ:08.04.2019 നമ്പരായി നല്കിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രപ്രകാരം ക്രമ നം.2 ആയി നല്കിയ 80,000/- രൂപക്ക് 8 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രം നല്കിയതിൽ നിന്നും എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസിൽ നിന്നും യാതൊരു പരിശോധനയും നടത്താതെ വിനിയോഗസാക്ഷ്യപത്രം നല്കുന്നതായാണ് മനസ്സിലാകുന്നത്. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ നിന്നും അടവാക്കുന്ന തുകക്ക് ഡിമാന്റ് നോട്ടീസിൽ പറഞ്ഞിട്ടുള്ള പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. ഇത്തരത്തിൽ അസ്വീകാര്യമായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടും യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് സംബന്ധിച്ച വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/17.7.19) പ്രോജക്ട് ഓഫീസറിൽ നിന്നും വിശദാംശങ്ങൾ തേടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും അടവാക്കിയ തുകയുടെ വിശദമായ ചെലവ് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണം-തുക നല്കിയെങ്കിലും കമ്പ്യൂട്ടർ ലഭിച്ചില്ല

പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി 2 ഡസ്ക്ടോപ്പ് സൈസ് കമ്പ്യൂട്ടർ, സർവർ ഓപ്പറേറ്റിംഗ് സിസ്റ്റം എന്നിവ വാങ്ങുന്നതിന് 2,50,000/- രൂപ തനതുഫണ്ട് വകയിരുത്തി പ്രോജക്ട് തയ്യാറാക്കുകയും (പ്രോജക്ട് നം.245/2019)1,47,118/-രൂപ 2 ചെക്കുകളിലായി (ചെക്ക് നം./തീ:(1)671112/28.03.2019(2671111/28.03.2019) കെൽട്രോണിന് നല്കുകയും ചെയ്തിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം പർച്ചേസ് ഓർഡർ നല്കി 45 ദിവസത്തിനകം കമ്പ്യൂട്ടർ നല്കുമെന്നായിരുന്നു വ്യവസ്ഥ. എ2-231/19 നമ്പരായി 15.3.2019 ൽ പർച്ചേസ് ഓർഡർ നല്കിയെങ്കിലും നാളിതുവരെ കമ്പ്യൂട്ടറുകൾ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.11/17.7.19) പെരുമാറ്റ ചട്ടം നിലവിൽ വന്നതിനാലാണ് കമ്പ്യൂട്ടർ ലഭിക്കുന്നതിന് കാലതാമസം നേരിട്ടതെന്നും സർവർ ഓപ്പറേറ്റിംഗ് സിസ്റ്റം ഇപ്പോൾ ലഭിച്ചിട്ടുണ്ട് എന്നും മറുപടി നല്കി. അടച്ച തുകക്കുള്ള സാധനങ്ങൾ പൂർണ്ണമായും ലഭിക്കും വരെ ഈ ഇനത്തിലുള്ള 1,47,118/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ലഭ്യതാ വിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 മരാമത്ത് സ്വഭാവമുള്ള പ്രവൃത്തി-അളവ് രേഖപ്പെടുത്താതെ തുക നല്കി

മണിമല പി.എച്ച്.സി.യിലേക്ക് എയർകണ്ടീഷണർ സ്ഥാപിക്കുന്നതിന് വികസനഫണ്ട് 1 ലക്ഷം വകയിരുത്തി പ്രോജക്ട് രൂപീകരിക്കുകയും (പ്രോജക്ട് നം.248/17) 6.2.2018ൽ നടന്ന ടെണ്ടറിൽ കുറവ് തുക രേഖപ്പെടുത്തിയ സിൽവർ സ്കൈ ഗ്രൂപ്പിന് വർക്ക് ഓർഡർ നല്കുകയും ചെയ്തു. പ്രവൃത്തി പൂർത്തിയായതിനെ തുടർന്ന് മെഡിക്കൽ ഓഫീസറുടെ പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ 97,000/- രൂപ (ബിൽ നം./ തീ:05/31.05.2018)കരാറുകാരന് നല്കുകയും ചെയ്തു. 2 ടൺ എ.സി വില 51,563/- രൂപയും ബാക്കി തുക ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കുമാണ് നല്കിയിട്ടുള്ളത്. വിശദമായി പരിശോധിച്ചതിൽ ഈ പ്രവൃത്തി ചെയ്യേണ്ടിയിരുന്നത് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അംഗീകരിച്ചതും തദ്ദേശസ്ഥാപനങ്ങളുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, മേൽനോട്ടം നടത്തുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലാതലസാങ്കേതിക സമിതിയുടെ സഹായത്തോടെയായിരുന്നു. എന്നാൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, അളവുപുസ്തകത്തിൽ അളവ് രേഖപ്പെടുത്തുകയോ, മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് തയ്യാറാക്കി നിയമാനുസൃത നികുതികൾ കിഴിവ് ചെയ്യുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല. അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.12/17.7.19) മറുപടിയായി എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് അളവ് രേഖപ്പെടുത്തുകയും നികുതികൾ ഈടാക്കുകയും ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതു വരെ ഈ ഇനത്തിൽ ചെലവഴിച്ച 97,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 സിഡ്കോയ്ക് ബാലൻസ് തുക നല്കൽ -ഏജൻസിയുടെ അവകാശവാദം പരിശോധിച്ച് ഉറപ്പുവരുത്തിയില്ല

കേരള ചെറുകിട വ്യവസായ കോർപറേഷൻ നിർമ്മാണ വിഭാഗം തലവന്റെ 28.6.2018 ലെ കെ.എസ്.സി.ഡി.എൻ/എബി/247/2013 നമ്പർ കത്തിന്റെ തുടർ നടപടിയായി 148/2019 നമ്പരിൽ **സിഡ്കോ നിർവ്വഹണ ഏജൻസിയായി നടപ്പാക്കിയ പദ്ധതികളിൽ ബാലൻസ് തുക നല്കൽ** എന്ന പേരിൽ പ്രോജക്ട് തയ്യാറാക്കുകയും സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി വികസന ഫണ്ട്(എസ്.സി.പി) യിൽ നിന്നും 3,20,037/- രൂപ സിഡ്കോയ്ക്ക് നല്കുകയും ചെയ്തിട്ടുണ്ട്(ബിൽ നമ്പർ 10/30.6.2018). പരാമർശിത കത്ത് പ്രകാരം സിഡ്കോ നിർവ്വഹണ ഏജൻസിയായി നിർവ്വഹിച്ച കറിക്കാട്ടൂർ തൊഴിൽ പരിശീലനകേന്ദ്രം, വളകോടി ചതുപ്പ് അങ്കണവാടി നിർമ്മാണം ഒന്നും രണ്ടും ഘട്ടം എന്നിവയിലെ കരാറുകാരന് ബാക്കി തുകയായി 3,20,037/- രൂപ നല്കാനുണ്ടെന്നും കരാറുകാരൻ കോടതിയെ സമീപിച്ചിരിക്കുകയാണെന്നും അറിയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് തുക നല്കിയിട്ടുള്ളത്. ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

- സിഡ്കോ നല്കിയ കത്തിന്റെ ആധികാരികത ഉറപ്പു വരുത്തുന്നതിന് ഈ പ്രവൃത്തികളുടെ ഫയൽ അളവു പുസ്തകം എന്നിവ പരിശോധിച്ചതായി കാണുന്നില്ല. ആയവ നിർവ്വഹണ ഏജൻസി പഞ്ചായത്തിന് നല്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.(നിലവിൽ ആവശ്യപ്പെട്ടിട്ടും ഓഡിറ്റിനും ലഭ്യമാക്കിയിട്ടില്ല)
- സിഡ്കോയിൽ നിന്നും ലഭിച്ചിട്ടുള്ള കത്തുകൾ പ്രകാരം വേലമൂല്യത്തോടൊപ്പം 10% ടെണ്ടർ എക്സസ്, സെന്റേജ് ചാർജ് 8% സേവനനികുതി എന്നിവ ഉൾപ്പെടുത്തിയാണ് ബില്ല് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു.
- 2012 പൊതുമരാമത്ത് ഷെഡ്യൂൾ പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദനീയമല്ല.
- അക്രഡിറ്റഡ് ഏജൻസികളെ ഏൽപിക്കുന്ന പ്രവൃത്തികൾ പുറംകരാർ നല്കുന്നത് അനുവദനീയമല്ല.
- മരാമത്ത് പ്രവൃത്തികളിൽ നിയമാനുസൃതമുള്ള നികുതികളായ വാറ്റ്, ഇൻകംടാക്സ്, തൊഴിലാളി ക്ഷേമനിധി എന്നിവ ഏജൻസിക്ക് നല്കാമെങ്കിലും സേവനനികുതി ഇനത്തിൽ തുക ഈടാക്കാനുള്ള സാഹചര്യം വ്യക്തമല്ല.
- ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 23 മാസം വരെ താമസം വന്നിട്ടുള്ളതായി കാണുന്നു. ഇതിനുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കി പ്രവൃത്തി ഏറ്റെടുത്ത ഏജൻസി പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.
- ഭരണാനുമതി, സാങ്കേതിക അനുമതി എന്നിവ ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയാണ് ഏജൻസിക്ക് നല്കിയിട്ടുള്ളത് എന്നതിനാൽ അധികതുക ആവശ്യപ്പെടുന്നത് അനുവദിക്കാവുന്നതല്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ സിഡ്കോയ്ക്ക് തുക നല്കിയ നടപടിക്രമാനുസൃതമല്ല എന്ന് കാണുന്നു. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ

ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.16/18.7.19) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച 3,20,037/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പ്രോജക്ടുകളുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധിച്ച് അർഹമായ തുകയാണ് നല്കിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതും പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

# 3-6 ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ -1,28,512/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)8 ലക്ഷം രൂപ വകയിരുത്തി ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങുന്നതിന് വേണ്ടി പ്രോജക്ട് തയ്യാറാക്കുകയും (പ്രോജക്ട് നം.6/2019) ഔഷധിക്ക് 7,84,772/- രൂപയും നികുതി ഇനത്തിൽ 15,228/- രൂപയും അടക്കം 8 ലക്ഷം നല്കുകയും ചെയ്തിട്ടുണ്ട് (ബിൽ നം.36/18.12.2018). ഇതിൽ 6,71,488/- രൂപയ്ക്കുള്ള മരുന്ന് (നികുതി അടക്കം)ഇതിനോടകം ലഭിച്ചിട്ടുണ്ട്. തുക പൂർണ്ണമായും 01/19 ൽ അടവാക്കിയിട്ടും 1,28,512/- രൂപയുടെ മരുന്ന് ആശുപത്രിയിൽ നാളിതുവരെ ലഭിച്ചിട്ടില്ല. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.9/17.7.19) മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മരുന്നു പൂർണ്ണമായും ലഭ്യമാകും വരെ ലഭിക്കാനുള്ള മരുന്നിന്റെ വിലയായ 1,28,512/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-7 വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകകൾ -നിർവ്വഹണ പുരോഗതി നിരീക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി., ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, ഭൂജലവകുപ്പ് എന്നീ നിർവ്വഹണ ഏജൻസികളിൽ മുൻവർഷങ്ങളിൽ നിക്ഷേപിച്ചതും വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ലാത്തതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (31.3.2019ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ളത്)

| നിർവ്വഹണ ഏജൻസി | തുക |
|---|---|
| കെ.എസ്.ഇ.ബി. | 42,11,230 |
| ഭൂജലവകുപ്പ് | 20,87,611 |
| പൊതുമരാമത്ത് വകുപ്പ് | 3,29,403 |
| ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് | 31,64,024 |
| **ആകെ** | **97,92,268** |

വിവിധ നിർവ്വഹണ ഏജൻസികളിലായി മുൻവർഷങ്ങളിൽ നിക്ഷേപിച്ചിരുന്ന തുകകൾക്ക് ഗ്രാമപഞ്ചായത്ത് കരാറിലേർപ്പെട്ടിരുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തി വികസനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ ഏജൻസികൾക്ക് തുക നൽകിയിരുന്നുവെങ്കിലും

സമയബന്ധിതമായി നിക്ഷേപപ്രവർത്തികൾ പൂർത്തിയാക്കുവാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരുന്നില്ല. മേൽപറഞ്ഞ നിക്ഷേപപ്രവർത്തികൾ പൂർത്തീകരിക്കുകയോ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ തുക തിരികെ ഒടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ ചെയ്യുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി വിനിയോഗസാക്ഷ്യപത്രം ലഭിച്ചിരുന്നില്ലായെന്നും ഇക്കാരണത്താലാണ് അഡ്വാൻസ് ഹെഡിൽ തുക നിലനിൽക്കുന്നത് എന്നും അറിയിച്ചിരുന്നു. പൊന്തൻപുഴ കമ്മ്യൂണിറ്റിഹാൾ നിർമ്മാണത്തിന് വേണ്ടി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിൽ ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിച്ചിരുന്നില്ലായെന്നും പട്ടികജാതി വികസനവകുപ്പിന്റെ ഫണ്ടുപയോഗിച്ചാണ് ഈ വർക്ക് നടന്നിരിക്കുന്നത് എന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിരുന്നു. തുക തിരിച്ചടവിന് വേണ്ട നടപടികൾ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. നിയമനടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിരുന്നുവെങ്കിലും നാളിതുവരെ നടപടി സ്വീകരിച്ചിരുന്നില്ല. ടി തുക ഈടാക്കുവാൻ നിയമനടപടികളുൾപ്പെടെ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത വർക്കുകൾക്ക് ആയത് ലഭ്യമാക്കുന്നതിനും തുക വിനിയോഗിക്കാത്ത വർക്കുകളുടെ തുക തിരികെ ഈടാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മരാമത്ത് പ്രവൃത്തികൾ -കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിച്ചില്ല

2018-19 വർഷത്തെ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത എം.എ.സാബു, മരുതേലിൽകുഴിയിൽ, പുതുശ്ശേരിമല, റാന്നി എന്ന കോൺട്രാക്ടറുടെ ടെണ്ടർ അംഗീകരിയ്ക്കാതെ കൂടിയ തുക ക്വാട്ട് ചെയ്ത ടെണ്ടർ ആണ് അംഗീകരിച്ചിട്ടുള്ളത്. പ്രത്യേക കാരണം രേഖപ്പെടുത്താതെ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെണ്ടർ അംഗീകരിയ്ക്കാതിരുന്നത് ചട്ട വിരുദ്ധമാണ്. ഇപ്രകാരം ടെണ്ടർ അംഗീകരിയ്ക്കാതിരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | ക്വാട്ട് ചെയ്ത തുക |
|---|---|---|
| മൈലാടുംപാറ ഉപ്പുകുളം റോഡ് കോൺക്രീറ്റിംഗ് | 2,00,000 | 10% കുറവ് |
| കാവനാൽപടി ആലപ്പാട്ട് പടി റോഡ് കോൺക്രീറ്റിംഗ് | 1,50,000 | 5% കുറവ് |
| ഉരിയകുന്നേൽ ചരളേൽ റോഡ് കോൺക്രീറ്റിംഗ് | 2,00,000 | 10% കുറവ് |

താൻ ഏറ്റെടുത്ത പ്രവൃത്തികൾ രോഗാവസ്ഥ കാരണം തനിയ്ക്ക് ഇപ്പോൾ പൂർത്തീകരിയ്ക്കാൻ കഴിയുകയില്ല എന്ന കോൺട്രാക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് മേൽ പ്രവൃത്തികൾ എസ്റ്റിമേറ്റ് റേറ്റ് ക്വാട്ട് ചെയ്ത കരാറുകാർക്ക് ഏൽപ്പിച്ചു നൽകിയത്. കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരനെ ഒഴിവാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തതായി കാണുന്നില്ല. ടെണ്ടർ കുറവ് രേഖപ്പെടുത്തിയ കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചിരുന്നുവെങ്കിൽ ഗ്രാമപഞ്ചായത്തിന് 47,500/-രൂപ യുടെ പദ്ധതി വിഹിതത്തിൽ നിന്നുള്ള അധിക ചെലവ് ഒഴിവാക്കാമായിരുന്നു.ടി തുക ഗ്രാമപഞ്ചായത്തിന് മററ് വികസന പ്രവർത്തനങ്ങൾക്ക്

ഉപയുക്തമാക്കാമായിരുന്നു. കരാറുകാരന്റെ കത്തിന്റെയടിസ്ഥാനത്തിൽ മാത്രം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ കരാറുകാരനെ പ്രവൃത്തി ചെയ്യുന്നതിൽ നിന്നും ഒഴിവാക്കി നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ നടപടി ക്രമപ്രകാരമല്ല. കരാർ അംഗീകരിക്കേണ്ടത് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തോടെ മാത്രം നടപ്പാക്കേണ്ടതാണ്. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കാവുന്നതാണ്.

# 3-9 ബാരൽ വില ഈടാക്കി തനതുഫണ്ടിൽ സൂക്ഷിക്കുന്നു. -സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ റോഡ് ടാറിങ്ങ്, റീടാറിങ്ങ് പ്രവർത്തികൾക്കായി ഉപയോഗിച്ച ബിറ്റുമിന്റെ ഉപയോഗശൂന്യമായ ബാരലുകൾ വിറ്റുകിട്ടുന്ന തുക കരാറുകാരന്റെ ബില്ലിൽ നിന്ന് കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നതായി കാണുന്നു. സർക്കുലർ നം.59827/എഫ്എം/07തസ്വഭവ 30.10.07 ടാർ വീപ്പയുടെ തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങി പ്രവർത്തി ചെയ്തത് അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധന തീയതി 12.04.06 ഉത്തരവ് പാലിച്ച് തിരിച്ചടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ആയതിനാൽ ബിറ്റുമിൻ ബാരൽ തുക പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്ന നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. തൻവർഷം നടപ്പാക്കിയ എല്ലാ റോഡ് ടാറിങ്ങ്/റീടാറിങ്ങ് പ്രവർത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത് തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന ബാരൽ വില അതാത് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-10 പാർട്ട് ബില്ലിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം.&പേര് | 84/18-19 മണിമല കുഴിമറ്റം റോഡ് മെയിന്റനൻസ് |
| അടങ്കൽ | 7,95,000/- |
| ചെലവ് | 72,450/- |
| കരാറുകാരൻ | ബിജു തോമസ്, വളയത്ത്(721523.18) |
| എം ബുക്ക് നം. | 62/18-19 |

മണിമല കുഴിമറ്റം റോഡിന്റെ സൈഡ് കോൺക്രീറ്റിങ്ങ്, റീടാറിങ്ങ്, റീറ്റെയിനിങ്ങ് വാൾ എന്നിവയുടെ നിർമ്മാണത്തിനായി ജിഎസ് ടി പ്രൊവിഷൻ ഉൾപ്പടെ തുക വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടായിരുന്നു ഇത്. കുറച്ച് നീളം മാത്രം സൈഡ്കോൺക്രീറ്റിങ്ങ് നടത്തി ആദ്യ പാർട്ട് ബിൽ തുകയായി 72,450/-രൂപ കരാറുകാരന് നൽകിയിരുന്നു. ടി തുകയിൽ നിന്നും ജി.എസ്.ടി. ഒഴികെയുള്ള നിയമാനുസൃത നികുതികളെല്ലാം ഈടാക്കിയിരുന്നുവെങ്കിലും ജി.എസ്.ടി. ഈടാക്കിയിരുന്നില്ല. 2% തുക ജി.എസ്.ടി. ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(17/19.7.19) മറുപടിയായി ഫൈനൽ ബിൽ തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കുമ്പോൾ മുഴുവൻ തുകയ്ക്കും ജി.എസ്.ടി. ഈടാക്കിക്കൊള്ളാം എന്ന് അറിയിച്ചിട്ടുണ്ട്. ഈടാക്കേണ്ട ആനുപാതിക നികുതി അതാത്

സമയത്ത് തന്നെ ഈടാക്കി യഥാവിധി ഒടുക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ നിയമപരമായ ബാദ്ധ്യതയാണ്. ജി.എസ്.ടി. ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 കുഴൽകിണർ നിർമ്മാണം- നിക്ഷേപിച്ച തുക ഭൂജലവകുപ്പിൽ മുടങ്ങിക്കിടക്കുന്നു

2018-19 വർഷം കുഴൽക്കിണർ നിർമ്മാണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ ചേർക്കുന്ന പ്രോജക്റ്റുകൾ പ്രകാരമുള്ള തുകകൾ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകളുടെ ലൊക്കേഷൻ മാപ്പ്(ഏതൊക്കെ സ്ഥലങ്ങളിലാണ് കുഴൽക്കിണർ നിർമ്മിക്കാനുദ്ദേശിച്ചിരുന്നത്), ഫീസിബിളിറ്റി സർട്ടിഫിക്കേറ്റ് എന്നിവ പരിശോധനയ്ക്കായി ലഭ്യമായില്ല. തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ എന്ന് 2018-19 വാർഷികപദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിലേർപ്പെട്ടിരുന്നില്ല. തൻവർഷം നിക്ഷേപിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് തുക |
|---|---|---|---|
| 17/19 | ഇടമണ്ണേൽപ്പടി കുഴൽകിണർ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 70,000 |
| 22/19 | വെങ്ങാലൂർപ്പടി കുഴൽ കിണർ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 84,500 |
| 24/19 | പൂവത്തോലി ചൊവ്വാലിഭാഗം കുഴൽ കിണർ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 84,500 |
| 119/19 | 7-ാംവാർഡ് ആലയംകവല കുഴൽകിണർ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 90,000 |
| 183/19 | വിലാസിനിക്കുന്ന് അമ്പലംഭാഗം കുഴൽക്കിണർ നിർമ്മാണം | അസിസ്റ്റന്റ് എഞ്ചിനീയർ | 1,00,000 |

കുഴൽക്കിണർ നിർമ്മാണം പൂർത്തിയാക്കിയിരുന്നതിന്റെയും ഹാൻഡ്പമ്പ് സ്ഥാപിച്ചതിന്റെയും മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.. മുൻവർഷങ്ങളിലും കുഴൽക്കിണർ നിർമ്മാണത്തിനായി നിരവധി പ്രോജക്റ്റുകൾ തയ്യാറാക്കുകയും GWD യിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നുവെങ്കിലും കുഴൽക്കിണറിന്റെ നിർമ്മാണം നിരീക്ഷിക്കാൻ ഗ്രാമപഞ്ചായത്തിൽ കൃത്യമായ സംവിധാനങ്ങളുണ്ടായിരുന്നില്ല. ഓഡിറ്റ് വർഷം കൈമാറിയ 4,29,000/-രൂപ ഉൾപ്പെടെ 20,87,611/- രൂപ ഗ്രൗണ്ട് വാട്ടർ ഡെപ്പാർട്ട്മെന്റിന്റെ പക്കൽ വിനിയോഗവിവരങ്ങളില്ലാതെ അവശേഷിക്കുന്നുണ്ട്. (B18 ഷെഡ്യൂൾ-ഹെഡ്-460500204). വിനിയോഗ സാക്ഷ്യപത്രങ്ങളോ തുടർ നിരീക്ഷണ റിപ്പോർട്ടുകളോ പ്രോജക്റ്റ് ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗവിവരങ്ങളും

മോണിറ്ററിങ്ങ് റിപ്പോർട്ടും സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി കരാറിലേർപ്പെടാതെ തുക കൈമാറിയതിന്റെ വിശദീകരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.7/15.7.19) മറുപടിയായി കുഴൽക്കിണർ നിർമ്മാണം പൂർത്തിയായിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്. കുഴൽക്കിണർ നിർമ്മാണത്തിന് കൃത്യമായ ലൊക്കേഷൻ മാപ്പ് തയ്യാറാക്കി സർവ്വേ നടത്തി, കരാറിലേർപ്പെട്ട് പ്രവർത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഗ്രാമപഞ്ചായത്ത് കമ്മറ്റി ഉറപ്പ് വരുത്തേണ്ടതാണ്. കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ തൻവർഷം ചെലവഴിച്ച 4,29,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ അകാരണമായ കാലതാമസം -നിയമപരമായി ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിൽ അകാരണമായ കാലതാമസം നേരിട്ടുവെങ്കിലും നിയമപരമായ ഈടാക്കേണ്ടിയിരുന്ന പിഴ ഈടാക്കിയിരുന്നില്ല. പ്രവർത്തി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കുകയോ ചെയ്തിട്ടില്ല. പ്രവർത്തി നിർവ്വഹണത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സമുള്ളതായി ഫയലിൽ രേഖകളില്ല. കാലതാമസത്തിന് കേരള പൊതുമരാമത്ത് മാനുവലിൽ അനുശാസിക്കുന്ന പിഴ കരാറുകാരനിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.15) മറുപടിയായി സ്പിൽ ഓവർ പ്രവർത്തികൾ ഇനിയും കാലതാമസം കൂടാതെ പൂർത്തീകരിക്കേണ്ടതുകൊണ്ടാണ് പിഴ ഈടാക്കാതെ തുക മാറി നൽകിയത് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിനുള്ളിൽ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്വമാണ്. എന്നാൽ പൂർത്തീകരണകാലാവധി പിഴ ഈടാക്കി ദീർഘിപ്പിച്ച് നൽകാവുന്നതാണെങ്കിലും ഒറിജിനൽ സമയത്തിന്റെ 25% സമയത്തിൽ അധികരിക്കുവാൻ പാടില്ലായെന്ന് പൊതുമരാമത്ത് മാനുവലിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ പല വർക്കുകളുടെയും കരാറിലേർപ്പെട്ട് 1 വർഷത്തിലധികം സമയത്തിന് ശേഷമാണ് പ്രവർത്തി ആരംഭിച്ചത്. കാലാവധി ദീർഘീകരണത്തിന് ആദ്യതവണ പിഎസിയുടെ 1% വീതവും ആദ്യതവണയ്ക്ക് ശേഷം 2% വീതവും നിരക്കിൽ പിഴ ഈടാക്കേണ്ടിയിരുന്നു. പൂർത്തീകരണത്തിന് കാലതാമസം നേരിട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നം.& പേര് | കരാർ നം. | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ (3%) |
|---|---|---|---|---|---|
| 1 | 239/19 നെടുപുറം ചതുപ്പ് എസ്.സി. കോളനി റോഡ് ടാറിങ്ങ്<br>അടങ്കൽ-3,00,000 | 20/AE/LSGD/ MNLA/17-18 dt 9.2.17 | 8.6.17 | 23.5.18 | 9,000 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | 188/19 വെള്ളക്കല്ലിൽ പുലിക്കുന്ന് റോഡ് മെയിന്റനൻസ് അടങ്കൽ-2,50,000 | 35/AE/LSGD/ MNLA/16-17 dt 23.3.17 | 23.7.17 | 22.5.18 | 7,500 |
| 3 | 230/19 പ്രയാറ്റപ്പടി മുണ്ടപ്ലാക്കൽ നടപ്പാത അടങ്കൽ-1,00,000 | 52/AE/LSGD/ MNLA/17-18 dt 27.3.18 | 26.06.18 | 19.12.18 | 3,000 |
| 4 | 236/19 കളത്താനിപ്പടി ചെറുവള്ളി നടപ്പാത കോൺക്രീറ്റിങ്ങ് അടങ്കൽ-2,50,000 | 55/AE/LSGD/ MNLA/17-18 dt 27.3.18 | 26.06.18 | 21.12.18 | 7,500 |
| 5 | 185/19 കരിമ്പനംകുളം പള്ളിപ്പടി റോഡിൽ സംരക്ഷണഭിത്തി അടങ്കൽ-4,50,000 | 63/AE/LSGD/ MNLA/17-18 dt 28.3.18 | 27.6.18 | 21.01.19 | 13,500 |
| 6 | 97/19 കൊക്കപ്പുഴ ചിറ്റേടത്തുപടി നടപ്പാത കോൺക്രീറ്റിങ്ങ് അടങ്കൽ-1,75,000 | 97/AE/LSGD/ MNLA/18-19 dt 06.8.18 | 5.11.18 | 18.1.19 | 5,250 |
| 7 | 198/19 കറിക്കാട്ടൂർ കലിയാനിപ്പടി റോഡ് റീടാറിങ്ങ് അടങ്കൽ-3,00,000 | 21/AE/LSGD/ MNLA/17-18 dt 14.10.17 | 13.3.18 | 15.01.19 | 9,000 |
| 8 | 209/19 വല്ലംചിറ-പള്ളിപ്പടി അരുവിക്കുഴി റോഡ് സംരക്ഷണഭിത്തി അടങ്കൽ-1,50,000 | 10/AE/LSGD/ MNLA/17-18 dt 7.10.17 | 6.2.18 | 12.2.19 | 4,500 |
| 9 | 206/19 ഓതറക്കുന്നേൽപടി റോഡ് സൈഡ് സംരക്ഷണഭിത്തി അടങ്കൽ-50,000 | 66/AE/LSGD/ MNLA/17-18 dt 31.3.18 | 30.7.18 | 14.2.19 | 1,500 |
| 10 | 229/19 വെള്ളരിക്കോളനി ഫുട്പാത്ത് അടങ്കൽ-1,00,000 | 47/AE/LSGD/ MNLA/17-18 dt 3.3.18 | 2.6.18 | 4.2.19 | 3,000 |
| 11 | 231/19 പ്രയാറ്റപടി- | 46/AE/LSGD/ | 2.7.18 | 12.2.19 | 3,600 |

| | | | | | |
|---|---|---|---|---|---|
| | വഞ്ചികപ്പാറ റോഡ് കോൺക്രീറ്റിങ്ങ്<br>അടങ്കൽ-1,20,000 | MNLA/17-18 dt 3.3.18 | | | |
| 12 | 168/19 അമ്പാറപറമ്പ് രാമനാരി റോഡ് മെയിന്റനൻസ്<br>അടങ്കൽ-3,80,000 | 65/AE/LSGD/ MNLA/17-18 dt 31.3.18 | 30.6.18 | 6.2.19 | 11,400 |
| 13 | 232/19 ഇലവുങ്കൽപടി വഴിയക്കണ്ണ് റോഡ് കോൺക്രീറ്റിങ്ങ്<br>അടങ്കൽ-1,20,000 | 27/AE/LSGD/ MNLA/17-18 dt 24.10.17 | 23.01.18 | 4.2.19 | 3,600 |
| 14 | 164/19 വല്ലംചിറ പള്ളിപ്പടി കാവാലംപടി മുണ്ടോലിപ്പടി റോഡ് റീടാറിങ്ങ്<br>അടങ്കൽ-2,50,000 | 32/AE/LSGD/ MNLA/17-18 dt 27.10.17 | 26.1.18 | 7.2.19 | 7,500 |
| 15 | 203/19 കറിക്കാട്ടൂർ സബ്സെന്റർ മെയിന്റനൻസ്<br>അടങ്കൽ-2,00,000 | 70/AE/LSGD/ MNLA/17-18 dt 31.3.18 | 30.7.18 | 26.10.18 | 6,000 |
| 16 | 208/19 വെച്ചൂർപ്പടിപൂവത്തോലി പഴയിടം റോഡ് സംരക്ഷണഭിത്തി<br>അടങ്കൽ-2,00,000 | 04/AE/LSGD/ MNLA/17-18 dt 05.10.17 | 4.4.18 | 22.9.18 | 6,000 |
| 17 | 214/19 കുഴിമറ്റം മണിമല റോഡ് സംരക്ഷണഭിത്തി<br>അടങ്കൽ-3,98,000 | 18/AE/LSGD/ MNLA/17-18 dt 14.10.17 | 13.3.18 | 22.9.18 | 11,940 |
| 18 | 197/19 കറിക്കാട്ടൂർ ചെറുവള്ളി റോഡ് സംരക്ഷണഭിത്തി<br>അടങ്കൽ-1,00,000 | 37/AE/LSGD/ MNLA/17-18 dt 08.11.17 | 7.2.18 | 25.9.18 | 3,000 |
| 19 | 175/19 ലക്ഷംവീട് കോളനി റോഡ് കോൺക്രീറ്റിങ്ങ്<br>അടങ്കൽ-1,70,000 | 53/AE/LSGD/ MNLA/17-18 dt 27.3.18 | 26.9.18 | 13.12.18 | 1,700(1%) |
| 20 | 211/19 പുലികല്ല് | 03/AE/LSGD/ | 4.3.18 | 27.10.18 | 4,500 |

| | | | | | |
|---|---|---|---|---|---|
| | -വെള്ളപ്ലാമുറി റോഡ് സൈഡ് കോൺക്രീറ്റിങ്ങ്<br><br>അടങ്കൽ-1,50,000 | MNLA/17-18 dt 05.10.17 | | | |
| 21 | 189/19 ആഞ്ഞിലിമൂട് വയലപ്പടി റോഡ് മെയിന്റനൻസ്<br><br>അടങ്കൽ-2,00,000 | 21/AE/LSGD/ MNLA/16-17 dt 09.02.17 | 8.5.17 | 7.11.18 | 6,000 |
| 22 | 163/19 ആഞ്ഞിലിമൂട് വയലപ്പടി റോഡ് സംരക്ഷണഭിത്തി<br><br>അടങ്കൽ-1,00,000 | 12/AE/LSGD/ MNLA/17-18 dt 07.10.17 | 6.4.18 | 17.11.18 | 3,000 |
| **ആകെ** | | | | | **1,31,990** |

പ്രവർത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയ ഇനത്തിൽ വിവിധ പ്രവൃത്തികളിൽ നിന്നും ഈടാക്കാനുള്ള പിഴ തുകയായ 1,31,990/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ബിൽ തുക തയ്യാറാക്കി നൽകിയ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ കരാർ വ്യവസ്ഥ പ്രകാരമുള്ള നിയമാനുസൃത തുടർനടപടികളിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 അമ്പലക്കടവ് കരിമ്പനക്കുളം നീർത്തടപശ്ചിമഘട്ട വികസന പദ്ധതി-ഏറ്റെടുത്ത പ്രവൃത്തികളുടെ വിശകലനം നടത്തിയിട്ടില്ല

2016ൽ ആരംഭിച്ച പ്രസ്തുത പദ്ധതിയുടെ കാലാവധി 3 വർഷത്തേക്കായിരുന്നു. ടി പദ്ധതിക്കായുള്ള വികസന ഫണ്ട് വിഹിതവും കേന്ദ്രാവിഷ്കൃത വിഹിതവും കൃഷി ഓഫീസറുടെയും പഞ്ചായത്ത് പ്രസിഡന്റിന്റെയും പേരിലുള്ള ജോയിന്റ് ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടി അക്കൗണ്ടിൽ നിന്നും തുക ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ടി പദ്ധതിയുടെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | | WGDP വിഹിതം | പഞ്ചായത്ത് വിഹിതം | ഗുണഭോക്തൃ വിഹിതം | ആകെ |
|---|---|---|---|---|---|
| ഒന്നാം വർഷം | വകയിരുത്തിയ തുക | 24,57,010 | 1,81,903 | 2,73,108 | 29,12,015 |
| | ചെലവ് | 24,57,010 | - | 2,73,108 | 27,30,112 |
| രണ്ടാം വർഷം | വകയിരുത്തിയ തുക | 52,06,500 | 5,87,167 | 8,44,667 | 66,38,335 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | ചെലവ് | 52,06,500 | 5,84,000 | 8,44,667 | 66,35,167 |
| മൂന്നാം വർഷം | വകയിരുത്തിയ തുക | 40,36,500 | 4,38,550 | 6,11,204 | 50,86,254 |
| | ചെലവ് | - | - | - | - |

2018-19 വർഷം വികസന ഫണ്ട് വിഹിതം 5,17,743 രൂപയുടെ ബിൽ നല്കിയിരുന്നുവെങ്കിലും ടി ബിൽ ക്യൂവിലായതിനാൽ തുക ചെലവഴിച്ചില്ല. പഞ്ചായത്ത് വിഹിതമായി ഗണ്യമായ തുക കൈമാറിയിട്ടും ഏറ്റെടുത്ത പ്രവൃത്തികളുടെ/പരിപാടികളുടെ കൃത്യമായ വിശകലനം നടത്തിയതിന്റെയോ ഭൗതികനേട്ടം വിലയിരുത്തിയതിന്റെയോ വിശദാംശങ്ങൾ ലഭ്യമായില്ല. ഇക്കാര്യം വിലയിരുത്തി വിശദാംശങ്ങൾ രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-14 എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം -വാർഷിക ആവശ്യകതാ നിർണ്ണയം നടത്തി ഒന്നിച്ചു വാങ്ങിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി എസ്.സി.വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണത്തിനായി 2018-19 വർഷം രണ്ട് പ്രാവശ്യമായി പ്രോജക്ട് നടപ്പിലാക്കിയതിനാൽ പദ്ധതി വിഹിതത്തിൽ നിന്നും 2,120/-രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 65/19 |
| **അടങ്കൽ** | |
| വികസനഫണ്ട്(എസ്.സി.പി) | 4,50,000 |
| ചെലവ് | 4,39,520 |
| ബിൽ നം. | 3/18-19/4,39,520 dt.19.11.18 |
| പ്രോജക്ട് നം. | 246/19 |
| വികസനഫണ്ട് (എസ്.സി.പി) - | 1,12,000 |
| ബിൽ നം. | 8/19 -56,000 തീ.21.2.19 |
| ബിൽ നം. | 9/19 -56,000 തീ21.2.19 |

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010 ത.സ്വ.ഭ.വ തീ.8.11.2010ലെ നിർദ്ദേശത്തിൽ ഓഫീസ് ഉപകരണങ്ങൾ, ഫർണീച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച വാങ്ങുകയെന്നാണ്. എന്നാൽ എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണത്തിനായി 65/19 എന്ന പ്രോജക്ട് പ്രകാരം 27,470/-രൂപ നിരക്കിൽ സൺ ഇൻഫോ സിസ്റ്റംസ് കഞ്ഞിക്കുഴി എന്ന സ്ഥാപനത്തിൽ നിന്നും 16 ലാപ്പ്ടോപ്പുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതേ ആവശ്യത്തിനായി വീണ്ടും ടെണ്ടർ വിളിച്ച് കടവിൽ ഇൻഫോടെക് എന്ന സ്ഥാപനത്തിൽ നിന്നും 4 ലാപ്പ്ടോപ്പുകൾ 28,000/-രൂപ

നിരക്കിൽ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരേ ആവശ്യത്തിനായി രണ്ടുപ്രാവശ്യം ടെണ്ടർ വിളിച്ച് പ്രോജക്ട് നടപ്പിലാക്കിയതിനാൽ പദ്ധതി വിഹിതത്തിൽ നിന്നും 2,320/-രൂപ അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4) മറുപടിയായി ഗുണഭോക്തൃലിസ്റ്റിൽ വളരെയേറെ ഗുണഭോക്താക്കൾ ഉണ്ടായിരുന്നതിനാൽ പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് നഷ്ടപ്പെടുത്താതെ ഉപയോഗിക്കുന്നതിനുമാണ് രണ്ടുപ്രാവശ്യവും ടെണ്ടർ ക്ഷണിക്കേണ്ടിവന്നതെന്നും, ആദ്യത്തെ ടെണ്ടർ ക്ഷണിച്ച് 5 മാസത്തിനുശേഷം വീണ്ടും ടെണ്ടർ ക്ഷണിച്ചതിനാലാണ് ലാപ്പ്ടോപ്പിന്റെ വിലയ്ക്ക് വ്യത്യസം വന്നതിനാലാണ് ഇപ്രകാരം അധികതുക നൽകേണ്ടി വന്നതെന്നും അറിയിച്ചിരുന്നു. ലാപ്പ്ടോപ്പ് വിതരണത്തിന് ഗുണഭോക്താക്കളെ മുൻപ് തന്നെ തെരഞ്ഞെടുക്കുന്നതിനാൽ എത്ര ഗുണഭോക്താക്കൾക്ക് തൻവർഷം ധനസഹായം നൽകാമെന്ന് മുൻകൂട്ടി അറിയാമെന്നിരിക്കേ ടെണ്ടർ വിളിച്ച് ഒറ്റഘട്ടമായി നടത്താമായിരുന്ന പ്രോജക്ട് രണ്ടായി നടത്തിയതു കൊണ്ടാണ് ഇപ്രകാരം അധിക ചെലവ് സംഭവിച്ചത്. വാങ്ങൽ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി -നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | എസ് 0085/19 |
| വികസന ഫണ്ട് (എസ്.സി.പി) | 14,62,500 |
| തനത് ഫണ്ട് | 37,500 |
| ആകെ | 15,00,000 |
| ചെലവഴിച്ച തുക | 9,00,000 |

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പഠനമുറി നിർമ്മാണത്തിന് ആകെയുണ്ടായിരുന്ന 12 ഗുണഭോക്താക്കളിൽ 6 ഗുണഭോക്താക്കൾ അഡ്വാൻസ് തുകയായ 50,000/രൂപ കൈപ്പറ്റിയതിന് ശേഷം പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.പഠനമുറി നിർമ്മാണം പൂർത്തീകരിയ്ക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | രാജൻ വി.കെ., രവീണരാജൻ, വെരുകതോലിൽ, ആലപ്ര |
| 2 | രാജൻ പി.പി., അനഘരാജൻ, പാക്കാവുങ്കൽ, പൊന്തൻപുഴ |
| 3 | രാജു പി.കെ., ലക്ഷ്മി രാജൻ, പാറയോലിക്കൽ, മുക്കട |
| 4 | അശ്വതി കെ.എസ്., രേവതി, വാലുപറമ്പിൽ, മുക്കട |
| 5 | ബാബുരാജൻ, അഭിജ, തടത്തിൽ, മുക്കട |
| 6 | സന കെ.എസ്., കിണറ്റുങ്കൽ |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റാത്ത പക്ഷം അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ്. മേൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് അഡ്വാൻസിനത്തിൽ നൽകിയ 3,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-16 വീട് വാസയോഗ്യമാക്കൽ - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

1)

| | |
|---|---|
| പ്രോജക്ട് നം. | എസ് 0010/19 |
| വികസനഫണ്ട് (എസ്.സി.പി) | 30,00,000 |
| ചെലവഴിച്ച തുക | 25,50,000 |

വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി വാസയോഗ്യമാക്കാൻ ഉദ്ദേശ്യച്ച് നടപ്പിലാക്കിയതാണ് ഈ പ്രോജക്ട്. ഒരു ഗുണഭോക്താവിന് 100,000 രൂപയാണ് സബ്സിഡി നൽകിയത്. ആകെ 27 ഗുണഭോക്താക്കൾ ഉണ്ടായിരുന്നതിൽ 24 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. 3 ഗുണഭോക്താക്കൾ ആദ്യ ഗഡു 50,000 രൂപ കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | ചന്ദ്രദാസ് ഏ.റ്റി., വട്ടച്ചാലിൽ, കറിക്കാട്ടൂർ |
| 2 | ദാസ് ഇ.കെ., ഇരുട്ടുതോട്ടുങ്കൽ, കറിക്കാട്ടൂർ |
| 3 | ശശീന്ദ്രൻ, വഞ്ചികപ്പാറ, ആലപ്ര |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു തുക കൈപ്പറ്റാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2) വീട് വാസയോഗ്യമാക്കൽ (ജനറൽ) -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നം. | S88/19 |
| വികസന ഫണ്ട് | 14,17,250 |
| തനത് ഫണ്ട് | 82,750 |
| ആകെ | 15,00,000 |
| ചെലവഴിച്ച തുക | 1417250+32750 =14,50,000 |

വീട് വാസയോഗ്യമാക്കൽ പ്രവൃത്തിയ്ക്കായി തൻവർഷം അഡ്വാൻസ് കൈപ്പറ്റിയ ഒരു ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| കുര്യൻ വേന്തറയിൽ, കറിക്കാട്ടൂർ | 50,000 |

മേൽ ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-17 ലൈഫ് ഭവനപദ്ധതി -അവലോകനം

അർഹതയുള്ള സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വാസയോഗ്യമായ ഭവനം നൽകുക എന്ന ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവനപദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1) ലൈഫ് ഭവനപദ്ധതി (ജനറൽ വിഭാഗം)**

**പ്രോജക്റ്റ് നമ്പർ -S011/19**

| | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 26,14,200 | 26,14,200 |
| ബ്ലോക്ക് വിഹിതം | 3,44,724 | 3,44,724 |
| ജില്ലാപഞ്ചായത്ത് വിഹിതം | 4,48,624 | 4,48,624 |
| വായ്പ | 57,92,452 | 35,52,452 |
| ആകെ അടങ്കൽ | 92,00,000 | 69,60,000 |

ലൈഫ് ഭവനപദ്ധതി (ജനറൽ വിഭാഗം) എഗ്രിമെന്റ് വച്ച് ഭവനനിർമ്മാണം ആരംഭിച്ച 22 ഗുണഭോക്താക്കളിൽ 4 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | തങ്കമ്മ ഗോപി, പ്ലാവനാക്കുഴി, പൊന്തൻപുഴ | 3,00,000 |
| 2 | ഓമന കെ.കെ., ചേറ്റുതടത്തിൽ, പൊന്തൻപുഴ | 2,00,000 |
| 3 | സുമതി വാസു, വെണ്ണിക്കുളം, പൂവത്തോലി | 2,00,000 |
| 4 | ചെല്ലമ്മ രാജപ്പൻ, മാതിരം പള്ളിയിൽ, കനകപ്പലം | 40,000 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുകയായ 400,000 രൂപ കൈപ്പറ്റിയതിന്റെ തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതി (ജനറൽ വിഭാഗം)യഥാർത്ഥ ചെലവ് 72,60,000 രൂപയാണ്.എന്നാൽ ടി തുക ഗ്രാമപഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെട്ടതായി കാണുന്നില്ല. 2017-18 വർഷം ലൈഫ് ഭവനപദ്ധതിയ്ക്കായി വകയിരുത്തിയ തുക തൻ വർഷം പ്രവൃത്തി ആരംഭിയ്ക്കാതിരുന്നതിനാൽ

തനത് ഫണ്ടിൽ നിക്ഷേപിച്ച് ആ തുക 300,000 രൂപ 5 ഗുണഭോക്താക്കൾക്കായി 60,000 രൂപ വീതം നൽകി.

**2) <u>ലൈഫ് ഭവനപദ്ധതി (എസ്.സി.പി)</u>**

**പ്രോജക്ട് നം.S0092/19**

| വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|
| വികസന ഫണ്ട്(എസ്.സി.പി)2760800 | 18,00,000 |
| ബ്ലോക്ക് വിഹിതം 447760 | ഇല്ല |
| ജില്ലാപഞ്ചായത്ത് വിഹിതം 500790 | ഇല്ല |
| വായ്പ 290650 | ഇല്ല |
| ആകെ 40,00,000 | 18,00,000 |

എസ്.സി.പി. വിഭാഗത്തിൽ ആകെ 5 ഗുണഭോക്താക്കൾ ഉണ്ടായിരുന്നതിൽ ഒരാൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| കൃഷ്ണൻ കുട്ടി&ശാന്തമ്മ, ചെറുവള്ളി എസ്റ്റേറ്റ്, കനകപ്പലം | 200,000 |

മേൽ പരാമർശിച്ച ഗുണഭോക്താവും ഭവനനിർമ്മാണം പൂർത്തിയാക്കി സബ്സിഡി തുകയായ 4,00,000/രൂപ കൈപ്പറ്റിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതി (എസ്.സി.പി) വിഭാഗത്തിനായി വകയിരുത്തിയ ജില്ലാപഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടില്ല.

ലൈഫ് ഭവനപദ്ധതിയ്ക്കായി (എസ്.സി.പി) വിഭാഗത്തിൽ ജില്ലാപഞ്ചായത്ത് വിഹിതമായി വകയിരുത്തിയ തുക 4,47,760/-രൂപ ലഭിച്ചിരുന്നുവെങ്കിലും ആയത് ചെലവഴിച്ചിട്ടില്ല. ചെലവഴിയ്ക്കാതെ അവശേഷിക്കുന്ന തുക ജില്ലാ പഞ്ചായത്തിലേയ്ക്ക് തിരിച്ച് അടവാക്കേണ്ടതാണ്.

**3) <u>ലൈഫ് ഭവനപദ്ധതി (ടി.എസ്.പി)</u>**

ടി.എസ്.പി വിഭാഗത്തിൽ ഒരു ഗുണഭോക്താവുള്ളത് നാളിതുവരെ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചിട്ടില്ല.

ടി.എസ്.പി വിഭാഗത്തിനായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം 87,882 രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 39,937 രൂപയും ചെലവഴിയ്ക്കാത്തതിനാൽ തിരികെ അടയ്ക്കേണ്ടതാണ്.

# 3-18 പ്രത്യേക കന്നുകുട്ടി പരിപാലനം- വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | 66/19 പ്രത്യേക കന്നുകുട്ടി പരിപാലനം |
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| | |

| | |
|---|---|
| അടങ്കൽ -വികസന ഫണ്ട്<br>ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 5,62,500/-<br>5,62,500/- |
| ചെലവ് | 5,62,500/-<br>5,62,500/-<br>ബിൽ നം.4/16.1.19 |

മേൽ പ്രോജക്ട് പ്രകാരം 45 ഗുണഭോക്താക്കൾക്ക് 12,500/-രൂപ നിരക്കിൽ ആകെ 5,62,500/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയത്തിന് നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 5,62,500/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ പൂർത്തീകരണ കാലാവധി കഴിയുമ്പോൾ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 26.9.18 | 2,00,000 | പാലിയേറ്റീവ് കെയർ | 2,00,000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 26.9.18 | 2,00,000 | അങ്കണവാടി പൂരകപോഷകാഹാരം | 2,00,000 | - |
| ബ്ലോക്ക്പഞ്ചായത്ത് | | 3,44,724 | ലൈഫ് ഭവനപദ്ധതി(ജനറൽ) | 3,44,724 | - |
| ബ്ലോക്ക്പഞ്ചായത്ത് | | 4,47,760 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി.) | | 4,47,760 |
| ബ്ലോക്ക്പഞ്ചായത്ത് | | 87,882 | ലൈഫ് ഭവനപദ്ധതി (ടി.എസ്.പി.) | - | 87,882 |
| ബ്ലോക്ക്പഞ്ചായത്ത് | 20.02.19 | 2,75,000 | ക്ഷീരകർഷകർക്ക് ഇൻസന്റീവ് | 2,75,000 | -- |
| ബ്ലോക്ക്പഞ്ചായത്ത് | | 2,49,998 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 2,49,998 | -- |
| ബ്ലോക്ക്പഞ്ചായത്ത് | 26.9.18 | 2,00,000 | കൊച്ചുമുറിപ്പടി-പുരത്തറമാക്കൽപ്പടി റോഡ് | 2,00,000 | -- |
| ബ്ലോക്ക്പഞ്ചായത്ത് | 26.9.18 | 2,00,000 | പ്ലാവനാകുഴി-കമ്ണാട്ടുകുന്നേൽപ്പടി റോഡ് | -- | 2,00,000 |
| ജില്ലാപഞ്ചായത്ത് | 22.9.18 | 4,48,624 | ലൈഫ് ഭവനപദ്ധതി(ജനറൽ) | 4,48,624 | - |
| ജില്ലാപഞ്ചായത്ത് | 22.9.18 | 5,00,790 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി.) | | 5,00,790 |
| ജില്ലാപഞ്ചായത്ത് | 22.9.18 | 39,937 | ലൈഫ് ഭവനപദ്ധതി | - | 39,937 |

| | | | (ടി.എസ്.പി.) | | |
|---|---|---|---|---|---|

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജലവകുപ്പ് | 183/19, വിലാസിനിക്കുന്ന് അമ്പലംഭാഗം കുഴൽകിണർ | 1,00,000 | ഇല്ല | 1,00,000 |
| ഭൂജലവകുപ്പ് | 119/19, കുഴൽകിണർ നിർമ്മാണം | 90,000 | ഇല്ല | 90,000 |
| ഭൂജലവകുപ്പ് | 24/19, പൂവത്തോലി ചൊവ്വാലിഭാഗം കുഴൽകിണർ | 84,500 | ഇല്ല | 84,500 |
| ഭൂജലവകുപ്പ് | 22/19, വെങ്ങാലൂർ ഭാഗം കുഴൽകിണർ | 84,500 | ഇല്ല | 84,500 |
| ഭൂജലവകുപ്പ് | 17/19, ഇടമണ്ണേൽപടി കുഴൽകിണർ | 70,000 | ഇല്ല | 70,000 |
| പൊതുമരാമത്ത് വകുപ്പ് | 249/19, പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് | 62,103 | ഇല്ല | 62,103 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

സാമ്പത്തികവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് നമ്പർ/ | തൻവർഷം | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | തീയതി | ലഭിച്ച വായ്പ | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പഞ്ചായത്ത് ഭവനപദ്ധതി ലൈഫ് | ജി.ഒ(എം.എസ്.) നം.68/18 എൽ.എസ്.ജി.ഡി., തീയതി 18/05/18 | 35,52,452 | 35,52,452 | -- | -- | 35,52,452 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,10,803 |
| തൻവർഷം നിക്ഷേപിച്ച തുക(മുൻവർഷത്തെ നിക്ഷേപത്തിന് ലഭിച്ച പലിശയിൽ എസ്.ബി.അക്കൗണ്ടിൽ വരവ് വെച്ചത് ഒഴികെയുള്ള പലിശ ഉൾപ്പെടെ പുതുക്കി) | 9,418 |
| **ആകെ** | **1,20,221** |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിര നിക്ഷേപം | 1,20,221 |
| **വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരങ്ങൾ** | |
| നിക്ഷേപത്തിന്റെ വിവരം | തുക |
| മണിമല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കറിക്കാട്ടൂർ | 1,20,221 |
| **ആകെ** | **1,20,221** |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7,150 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2017-18 | 2-2 | 900 | ക്ഷീരോല്പാദകസംഘം | 118080101677/31.8.18 |
| 2017-18 | 2-2 | 1,250 | ക്ഷീരോല്പാദകസംഘം | 118080101678/31.8.18 |
| 2017-18 | 2-2 | 2,500 | സി.സി.എം ഇംഗ്ലീഷ് മീഡിയം സ്കൂൾ | 118080102057/3.10.18 |
| 2017-18 | 2-2 | 2,500 | കെ.എസ്.ഇ.ബി. മണിമല | 11808050036/13.11.18 |

| | | | | |
|---|---|---|---|---|
| ആകെ | | 7,150 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01, 2001-02 ജനകീയാസൂത്രണം | 1 | 2003-04 | 3-5-1 | ജലസേചന പദ്ധതികളിൽ പാഴ്ചെലവ് | പരാമർശിത ജലസേചനപദ്ധതികളിൽ കൊന്നക്കുളം ജലസേചനപദ്ധതി, കുറിഞ്ഞിപ്പുരയിടം ജലസേചനപദ്ധതി എന്നിവ നിലവിൽ പ്രവർത്തിക്കുന്നതായി പഞ്ചായത്തിൽ നിന്ന് അറിയിച്ചു. |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ചാർജ്/സർചാർജ് നടപടികൾ നിലവിലില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 7,31,11,574 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,79,38,046 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 21,16,157 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ചാർജ്ജ്/സർചാർജ്ജ് ചെയ്യാവുന്ന വ്യക്തമായ നഷ്ടം പരാമർശിച്ചിട്ടില്ല. ഖ.3-12മേൽ തുടർനടപടി സ്വീകരിച്ച് റിക്കവറി വിവരം രേഖാമൂലം അറിയിക്കാത്ത പക്ഷം സർചാർജ്ജ് നടപടികൾക്ക് ശുപാർശ ചെയ്യുന്നതാണ്.

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,47,118 | ശ്രീമതി രേണുകാദേവി അമ്മാൾ, സെക്രട്ടറി |
| 3-4 | 97,000 | ശ്രീമതി രേണുകാദേവി അമ്മാൾ, സെക്രട്ടറി |
| 3-5 | 3,20,037 | ശ്രീമതി രേണുകാദേവി അമ്മാൾ, സെക്രട്ടറി |
| 3-6 | 1,28,512 | ശ്രീമതി രേണുകാദേവി അമ്മാൾ, സെക്രട്ടറി |
| 3-11 | 4,29,000 | ശ്രീ.അരുൺ എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 1,31,990 | ശ്രീ.അരുൺ എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | 3,00,000 | ശ്രീ.ആകർഷ് ജി.കൃഷ്ണൻ, വി.ഇ.ഒ. |
| 3-18 | 5,62,500 | ഡോ.സുബിൻ, വെറ്ററിനറി സർജൻ |
| **ആകെ** | **21,16,157** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

വ്യക്തമായ നഷ്ടം ബാധകമല്ല.

# 4-10 തീർപ്പാക്കാനവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 വരവ് | എൽ.എഫ്.കെ.പി13/922/അദാലത്ത് 14/28.11.14 | 1 |
| 1998-99 ചെലവ് | എൽ.എഫ്.കെ.പി13/527/അദാ./14/23.12.14 | 16 |
| 1998-99 വരവ് | എൽ.എഫ്.കെ.പി13/572/അദാ./14/7.1.15 | 1 |
| 2000-01<br>2001-02 പ്ലാൻ | എൽ.എഫ്.കെ.പി13/1804/16/05.12.17 | 9 |
| 2003-04 | എൽ.എഫ്.കെ.പി13/433/15/11.11.15 | 9 |
| | | |

| | | |
|---|---|---|
| 2004-05 | എൽ.എഫ്.കെ.പി13/1384/15/6.2.16 | 17 |
| 2005-06 | എൽ.എഫ്.കെ.പി13/434/15/11.11.15 | 7 |
| 2006-07 | എൽ.എഫ്.കെ.പി13/16/04/17.3.16 | 5 |
| 2007-08 | എൽ.എഫ്.കെ.പി13/435/16/5.5.16 | 4 |
| 2008-09 | എൽ.എഫ്.കെ.പി13/1038/16/12.06.17 | 15 |
| 2009-10,2010-11 | എൽ.എഫ്.കെ.പി13/1582/14/30.10.15 | 20 |
| 2011-12 | എൽ.എഫ്.കെ.പി13/515/16/07.09.16 | 11 |
| 2012-13 | എൽ.എഫ്.കെ.പി13/648/16/30.05.17 | 7 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി13/380/16/6.5.16 | 12 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി13/1501/16/29.04.17 | 18 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി 13/1933/ 2016/13.12.16 | 22 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി 11/420/18/14.03.18 | 7 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി 11/420/18/14.03.18 | |

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-കെ.ടി.എം.പി11-1143/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**
**ഫോൺ: 04812564886**
**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി:26.08.2019**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **മണിമല ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മണിമല ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ** വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**